# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *289. 09.05.17- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഇതിനായി നിർ ദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഇതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾക്കും, മുനിസിപ്പൽ പ്രദേശങ്ങൾക്കും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾക്കും വേണ്ടി അതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റികൾ തയ്യാറാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കരട് (മൂന്നെണ്ണം) സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പ്രത്യേകമായി ചട്ടങ്ങൾ ഉണ്ടാക്കുന്ന വിഷയവും ഇതോടൊപ്പം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ